# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 745/11/12/2023/ TVM**

പരാതികക്ഷി : ജി.ശ്രീവിശാഖ്,നാരായണവിലാസം
കരവാളൂർ,പുനലൂർ,കൊല്ലം

എതിർകക്ഷികൾ സാജു,മാനേജർ
പി.വി ഏജൻസീസ്,പ്ലാവറ
പാലോട്
മുതൽപേർ

**ഉത്തരവ് തീയതി 27.09.2024**

എതിർകക്ഷിയും കണ്ടാലറിയാവുന്ന ചില ഗുണ്ടകളും ചേർന്ന് 14.01.2023 തീയതി വൈകുന്നേരം പരാതികക്ഷിയെ അസഭ്യം പറയുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ജാതിപേർ വിളിച്ച് ആക്ഷേപിക്കുകയും ചെയ്യതായും, ഇതു സംബന്ധിച്ച് പാലോട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ ടിയാൻ കൊടുത്ത മൊഴി പ്രകാരമുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ലായെന്നും, ഇക്കാര്യത്തിൽ ആവശ്യമായ നിയമനടപടികൾ ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ പാലോട് പോലീസ് ഇൻസ്പെക്ടർ 26.04.2023 തീയതി ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ആവലാതിക്കാരന്റെ മൊഴി പ്രകാരം പാലോട് പോലീസ് സ്റ്റേഷൻ ക്രൈം 100/2023 u/s 294(b),323,506 (ii), 34 IPC,3(1) (r)(s), 3(2) VI SC/ST (POA) Act 1989 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ടി കേസിന്റെ അന്വേഷണം നടത്തുകയും, കൂടാതെ 1ാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ടിയാനെ റിമാന്റ് ചെയ്യുകയും ചെയ്യുവെന്നും, ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 2 ാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത 27.09.2024 തീയതി പരാതികക്ഷി റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിച്ചു. നിലവിലുള്ള അന്വേഷണം തൃപ്തികരമല്ലായെന്നും, എസ്.സി/എസ്.റ്റി സ്പെഷ്യൽ സെൽ എസ്.പി മുഖാന്തിരം ഒരു അന്വേഷണം ഉണ്ടാകണമെന്നും, തനിക്ക്

സുരക്ഷയും,സൈ്വര്യജീവിതവും സംരക്ഷണവും ഉറപ്പുവരുത്താനുള്ള നിർദ്ദേശം നൽകണമെന്നും മറ്റും പരാതികക്ഷി പറയുകയുണ്ടായി.

പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. നിലവിലുള്ള അന്വേഷണം നീതിപൂർവ്വമല്ലാ നടന്നുവരുന്നതെന്ന് ഹർജികക്ഷി ആക്ഷേപം പറയുന്നു. ഈ സാഹചര്യത്തിൽ പരാതികക്ഷി വിശദമായ ഒരു പരാതി സംസ്ഥാന പോലീസ് മേധാവിക്ക് നൽകേണ്ടതും അപ്രകാരം പരാതി ലഭിച്ചാൽ എസ്.സി/എസ്.റ്റി സ്പെഷ്യൽ സെൽ എസ്.പി മുഖാന്തിരം ഒരു അന്വേഷണം നടത്തി ആയതിൻെറ കൂടി അടിസ്ഥാനത്തിൽ തുടർനിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് സംസ്ഥാന പോലീസ് മേധാവി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ